# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

സാജമ്മ .ജെ. പുന്നൂർ : ചെയർപേഴ്സൺ

ഫ്രാൻസിസ് . എ. സി : മെമ്പർ

## ഓ.പി. നം.28/2024-25

പരാതിക്കാരൻ :

1. ശ്രീ. മുഹമ്മദ് ഷാഫി കെ.ടി, ഫിദാസ്, ഉള്ളിശേരികുന്ന്, നല്ലളം – പി.ഒ, കോഴിക്കോട് – **673 027**.

എതിർകക്ഷികൾ :

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കല്ലായി, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.
2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, അരീക്കാട്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട് .

# ഉത്തരവ്

<u>പരാതി:</u>

പരാതിക്കാരൻ അരീക്കാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ **1167891004690** എന്ന കൺസ്യൂമർ നമ്പറിലുള്ള ഗാർഹിക വൈദ്യുതി കണക്ഷൻ ഉപഭോക്താവാണ്. പരാതിക്കാരന്റെ മീറ്ററിൽ നിന്നും അധികരിച്ച ചൂടും കൂടാതെ അതിൽ നിന്ന് എർത്ത് ലീക്കേജും കണ്ടതുകാരണം കെ എസ് ഇ ബി യുടെ ലൈൻമാൻ 20/04/2024 തീയ്യതിയിൽ വന്ന് ശരിയാക്കുകയും ചെയ്തു എന്നും, എന്നാൽ 16/05/2024ന് റീഡിംഗ് എടുത്ത് ബിൽ നൽകിയപ്പോൾ 15,679/- രൂപയുടെ ബില്ലാണ് നൽകിയതെന്നും ആയത് പരാതിക്കാരന് അടവാക്കാൻ പറ്റുന്നതിലും കൂടുതലാണെന്നും, പരാതിക്കാരന്റെ ആവറേജ് ഉപയാഗത്തിനുള്ള ബില്ല് പരാതിക്കാരൻ അടവാക്കാമെന്നും എർത്ത്ലീക്കേജ് മൂലം വന്ന അധിക തുക ഒഴിവാക്കിതരണം എന്നുമാണ് പരാതി.

<u>പരാതിക്കാരന്റെ വിശദീകരണം :-</u>

കോഴിക്കോട് അരീക്കാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിലുള്ള പരാതിക്കാരന്റെ ഉള്ളിശേരികുന്ന്, ഫിദ മൻസിൽ എന്ന വീട്ടിലെ വൈദ്യുതി കണക്ഷന്റെ **1167891004690** എന്ന കെ എസ്.ഇ ബി യുടെ മീറ്ററിൽ നിന്നും അധികരിച്ച ചൂടും കൂടാതെ അതിൽ നിന്ന് എർത്ത് ലീക്കേജും ഉണ്ടായതിനെ തുടർന്ന് കെ.എസ്.ഇ.ബി അധികൃതരെ വിവരമറിയിക്കുന്നതിന് ഫോണിൽ ബന്ധപ്പെടാൻ ശ്രമിക്കുകയും എന്നാൽ അതിനു കഴിയാതെ വരികയും പിറ്റേ ദിവസം വീണ്ടും കെ എസ് ഇ ബി അധികൃതരെ ഫോണിൽ ബന്ധപ്പെടുകയും മീറ്ററിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ലൈൻമാൻ വരികയും മീറ്റർ

പരിശോധിക്കുകയും ചെയ്തു. അദ്ദേഹം മീറ്റർ ചെക്ക് ചെയ്യുന്ന സമയത്ത് അതിലൂടെ ഒരു പാട് കറന്റ് പോകുന്നുണ്ടെന്ന് പറയുകയും മീറ്ററിനകത്തെ വയർ രണ്ടും ഹീറ്റായി എർത്തായി പോയതാണെന്നും പിന്നീട് അദ്ദേഹം മീറ്റർ ശരിയാക്കുകയും ചെയ്തു. എന്നാൽ കുറച്ച് ദിവസം മുമ്പ് ടി സെക്ഷനിലെ ഉദ്യോഗസ്ഥൻ മേൽ കൺസ്യൂമർ നമ്പറിലെ മീറ്റർ റീഡിംഗ് എടുത്ത് 15,679/- രൂപയുടെ ബിൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ കെ എസ് ഇ ബി യുടെ അരീക്കാട് സെക്ഷൻ ഓഫീസിലും, കല്ലായ് സബ് ഡിവിഷൻ ഓഫീസിലും പരാതിപ്പെട്ടതിനെ തുടർന്ന് കെ എസ് ഇ ബി ഉദ്യോഗസ്ഥൻ പരിശോധിക്കുകയും, നടപടി ഉടനെ എടുക്കാമെന്ന് അറിയിക്കുകയും, 20 ദിവസത്തിനു ശേഷം ലെറ്റർ വരികയും ചെയ്തു. എന്നാൽ മീറ്ററിലെ തകരാറു മൂലം വന്ന അധിക ചാർജ്ജ് അടവാക്കാത്തതു കാരണം പരാതിക്കാരന്റെ മീറ്ററിന്റെ ഫ്യൂസ് ഊരുവാനായി കെ എസ് ഇ ബി ഉദ്യോഗസ്ഥൻ വന്നതിനെ തുടർന്ന് കെ എസ് ഇ ബി ഓഫീസുമായി ബന്ധപ്പെടുകയും അവിടെ നിന്ന് **9,000/-**രൂപ ഇപ്പോൾ അടവാക്കണമെന്നും ബാക്കി തുക അടവാക്കുന്നതിനെ സംബന്ധിച്ച് കെ എസ് ഇ ബിയുടെ പരാതി പരിഹാര ഫോറത്തിൽ പരാതി നൽകുവാനും അറിയിച്ചതിനെ തുടർന്നാണ് ഫോറത്തിൽ പരാതി നൽകിയതെന്നാണ് പരാതിക്കാരൻ ബഹുമാനപ്പെട്ട ഫോറത്തെ അറിയിച്ചിരിക്കുന്നത്.

<u>എതിർകക്ഷിയുടെ വിശദീകരണം :-</u>

എതിർകക്ഷിയുടെ റിപ്പോർട്ട് പ്രകാരം **1167891004690** എന്ന കൺസ്യൂമർ നമ്പറിൽ അരീക്കാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ **3155**

വാട്ട്സ് കണക്ടഡ് ലോഡോടുകൂടിയ  ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ഉപഭോക്താവാണ്.

പരാതിക്കാരന്റെ കൺസ്യൂമർ നമ്പറിൽ നിന്നും **20/04/2024** ൽ മീറ്റർ ബോർഡിനു സമീപത്തു നിന്നും ഷോക്ക് അനുഭവപ്പെടുന്നുണ്ടെന്ന പരാതി രജിസ്റ്റർ ചെയ്തതിന്റെ ഭാഗമായി അരീക്കാട് ഇലക്ട്രിക്കൽ സെക്ഷനിലെ ഉദ്യോഗസ്ഥർ ടി വൈദ്യുതി കണക്ഷൻ പരിശോധിക്കുകയും, കട്ടൌട്ട് ഫ്യൂസിൽ നിന്നും മെയിൻ സ്വിച്ചിലേക്ക് പോകുന്ന വയറിൽ ഇൻസുലേഷൻ പോയതു കാരണം ലീക്ക് ഉള്ളതായി കണ്ടെത്തിയതിനെ തുടർന്ന്, ഉടൻ തന്നെ ഈ കാര്യം ടി കെട്ടിടം/വീട്ടിലുള്ള വരെ കാണിച്ചു ബോധ്യപ്പെടുത്തിയതിനു ശേഷം പ്രസ്തുത വയർ കട്ട് ചെയ്ത് ഇൻസുലേഷൻ പോയ ഭാഗം ഒഴിവാക്കി റീ കണക്ട് ചെയ്യുകയും, ഇക്കാരണത്താൽ  അടുത്ത ബിൽ കൂടുതൽ വരാൻ സാധ്യതയുണ്ട് എന്ന കാര്യം അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും, കൂടാതെ പ്രസ്തുത വൈദ്യുതി കണക്ഷനിൽ **16/05/2024**ന് ദ്വൈമാസ റീഡിങ്ങിന്റെ ഭാഗമായി റീഡിങ്ങ് എടുത്തപ്പോൾ **1532** യൂണിറ്റ് വരികയും, ആയതിനു **15,655/-** രൂപയുടെ ബിൽ നൽകുകയും ചെയ്തു. ഇത്ര അധികം ബിൽ വരാൻ കാരണം കെട്ടിടത്തിലുണ്ടായ ലീക്കേജാണെന്നാണ് എതിർകക്ഷി ഉന്നയിച്ചിരിക്കുന്നത്.

**2023** മാർച്ച് **18** മുതൽ **2023** മെയ് **15** വരെയുള്ള ബില്ലിംഗ് സൈക്കിളിലെ ആകെ ഉപഭോഗം **808** യൂണിറ്റാണ്. ആയതിനാൽ വയറിംങ്ങ് തകരാർ പോയിന്റ് ഓഫ് സപ്ലൈക്കു ശേഷം വന്നത് കാരണം, അരീക്കാട് ഇല.സെക്ഷനിൽ നിന്നും നൽകിയ ബിൽ അടവാക്കാൻ പരാതിക്കാരൻ ബാധ്യസ്ഥനാണെന്നും, കൂടാതെ ടി അധിക ബിൽ വന്നത് സംബന്ധിച്ച്

ഉപഭോക്താവ് അരീക്കാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രിമിസ്സസ് പരിശോധിച്ചതിന്റെ ഫലമായി പോയിന്റ് ഓഫ് സപ്ലൈക്കു ശേഷം മെയിൻ സ്വിച്ചിലേക്ക് പോകുന്ന വയറിൽ ഇൻസുലേഷൻ ചുറ്റിയതാണെന്നു കാണുകയും, ടി ഭാഗത്തു ഇൻസുലേഷൻ ചുറ്റിയതാണെന്ന് കണ്ടെത്തിയതിന്റെ ഫലമായി ടി ഭാഗത്തെ ഇൻസുലേഷൻ പോയതാണെന്നും, കട്ട് ചെയ്ത് ടി ഭാഗം ഒഴിവാക്കി റീ കണക്ട് ചെയ്തതാണെന്നും പരാതിക്കാരൻ സ്വയം സാക്ഷ്യപ്പെടുത്തുകയും ചെയ്തതിനു ശേഷം ഷോക്ക് അനുഭവപ്പെടുന്നത് നിന്നു എന്നും പരാതിക്കാരൻ പറഞ്ഞതായി എതിർകക്ഷിയുടെ വിശദീകരണത്തിൽ പരാമർശിച്ചിരിക്കുന്നു.

വയറിങ്ങിലെ തകരാർ പോയിന്റ് ഓഫ് സപ്ലൈക്കു ശേഷം വന്നത് കാരണം അരീക്കാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും നൽകിയ ബിൽ അടവാക്കാൻ പരാതിക്കാരൻ ബാധ്യസ്ഥനാണ്. ആയതിനാൽ ബഹുമാനപ്പെട്ട ഫോറം പരാതിക്കാരന് എർത്ത് ലീക്കേജ് മൂലം ഉണ്ടായ അധിക ബിൽ തുക അടവാക്കുവാനുള്ള നിർദ്ദേശം നൽകി ഉത്തരവ് നൽകണമെന്നാണ് എതിർകക്ഷി അപേക്ഷിക്കുന്നത്.

## <u>അവലോകനവും, കണ്ടെത്തലും:</u>

ഈ കേസിന്റെ വിചാരണ **07/08/2024**ന് സി.ജി.ആർ.എഫ്, കോഴിക്കോട് വെച്ച് നടന്നു. പരാതിക്കാരന്റെ പ്രതിനിധിയും, എതിർകക്ഷിയും ഹാജരായിരുന്നു. ഹാജരാക്കിയ രേഖകളുടെയും, മൊഴികളുടേയും അടിസ്ഥാനത്തിൽ ഫോറത്തിന് താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

പരാതിക്കാരൻ അരീക്കാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ **1167891004690** എന്ന കൺസ്യൂമർ നമ്പറിലെ ഗാർഹിക സർവ്വീസ് കണക്ഷന്റെ ഉപഭോക്താവാണ്.

പരാതിക്കാരന്റെ വീട്ടിലെ കെ എസ് ഇ ബി മീറ്ററിൽ നിന്നും അധികരിച്ച ചൂടും കൂടാതെ അതിൽ നിന്നും എർത്ത് ലീക്കേജ് മൂലം മതിലിലൂടെ ഷോക്ക് അനുഭവപ്പെടുകയും ചെയ്തെന്നും, അന്നുതന്നെ കെ.എസ്.ഇ.ബി അധികൃതരെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിക്കുകയും എന്നാൽ അതിനു കഴിയാതെ വരികയും പിറ്റേ ദിവസം കെ എസ് ഇ ബി അധികൃതരെ ഫോണിൽ ബന്ധപ്പെടുകയും മീറ്ററിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ലൈൻമാൻ വരികയും മീറ്റർ ശരിയാക്കുകയും ചെയ്തു എന്ന് പരാതിക്കാരൻ പരാതിയിൽ അറിയിക്കുന്നു. പരാതി കെ.എസ്.ഇ.ബി അധികൃതരെ അറിയിച്ചിട്ട് 4 ദിവസം കഴിഞ്ഞാണ് പരിഹരിച്ചതെന്നും ആയതിനാലാണ് അധികം യൂണിറ്റ് വന്നതെന്നും ഹിയറിങ്ങ് സമയത്ത് പരാതിക്കാരൻ വാദം ഉന്നയിച്ചെങ്കിലും കെ.എസ്.ഇ.ബി അധികൃതരെ ഫോണിൽ ബന്ധപ്പെട്ട അന്ന് തന്നെ ലൈൻമാൻ എത്തി പരാതി പരിഹരിച്ചതായാണ് പരാതിയിൽ പറയുന്നത്.

**20/04/2024**ൽ മീറ്റർ ബോർഡിന് സമീപത്തു നിന്നും ഷോക്ക് അനുഭവപ്പെടുന്നു എന്ന പരാതി ടി കൺസ്യൂമർ നമ്പറിൽ നിന്നും ലഭിച്ച അന്ന് തന്നെ ലൈൻമാൻ വൈദ്യുതി കണകക്ഷൻ പരിശോധിക്കുകയും കട്ട് ഔട്ട് ഫ്യൂസിൽ നിന്നും മെയിൻ സ്വിച്ചിലേക്ക് പോകുന്ന വയറിൽ ഇൻസുലേഷൻ പോയതാണെന്നും കട്ട് ചെയ്ത് ടി ഭാഗം ഒഴിവാക്കി റികണക്ട് ചെയ്തതാണെന്ന് കൺസ്യൂമർ സ്വയം സാക്ഷ്യപ്പെടുത്തുകയും

ചെയ്തിരുന്നു എന്നും ആയതിനു ശേഷം ഷോക്ക് അനുഭവപ്പെടുന്നത് നിന്നു എന്ന് കൺസ്യൂമർ പറഞ്ഞതായും എതിർകക്ഷി അറിയിക്കുന്നു.

കട്ട് ഔട്ട് ഫ്യൂസിന്റെ incomer ൽ അതായത് point of supply ക്ക് മുൻപ് മീറ്ററിനും കട്ട് ഔട്ട് ഫ്യൂസിനും ഇടയിലുള്ള വയറും കത്തിയതായും ടി ഭാഗം കട്ട് ചെയ്ത് കട്ട് ഔട്ട് ഫ്യൂസിലേക്ക് കയറ്റി കൊടുത്തതായും പരാതിക്കാരൻ വാദം ഉന്നയിച്ചു.

എന്നാൽ പരിശോധന സമയത്ത് കട്ട് ഔട്ട് ഫ്യൂസിന്റെ incomer ൽ ഉള്ള വയർ മാറ്റിയിട്ടില്ല എന്ന് ബോധ്യപ്പെട്ടതായും കട്ട് ഔട്ട് ഫ്യൂസിൽ നിന്നും മെയിൻ സ്വിച്ചിലേക്ക് പോകുന്ന ഭാഗത്താണ് കട്ട് ചെയ്ത് മാറ്റിയതെന്ന് എതിർകക്ഷി അറിയിച്ചു. മീറ്ററിന്റെ ഡേറ്റ ഡൌൺലോഡ് ചെയ്ത് 'tamper data report' പരിശോധിച്ചതിൽ നിന്നും **09/04/2024** മുതൽ **20/04/2024** വരെ ടി മീറ്ററിൽ ഒരു earth load anomaly റെക്കോർഡ് ചെയ്യപ്പെട്ടിട്ടുണ്ട് എന്നും എതിർകക്ഷി അറിയിച്ചു.

ഹാജരാക്കപ്പെട്ട തെളിവുകളിൽ നിന്നും, ഹിയറിങ്ങ് സമയത്ത് ഉന്നയിച്ച വാദങ്ങളിൽ നിന്നും, point of supply ക്ക് ശേഷം പരാതിക്കാരന്റെ പ്രതിഷ്ഠാപനങ്ങളിൽ വന്ന earth leakage മൂലം ആണ് അധിക വൈദ്യുതിചാർജ്ജ് വന്നതെന്നും ടി തുക പരാതിക്കാരൻ അടവാക്കേണ്ടതാണെന്നും ഫോറം കണ്ടെത്തിയിരിക്കുന്നു

## <u>തീരുമാനം:</u>

- ഈ പരാതി തള്ളി തീർപ്പാക്കിയിരിക്കുന്നു.

മേൽ പറഞ്ഞ തീരുമാന പ്രകാരം ഫോറം പരാതി തള്ളി തീർപ്പാക്കി ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തിനാലാമാണ്ട് ആഗസ്ത് മാസം *13* തിയ്യതി.

| | |
|---|---|
| *Sd/-* | *Sd/-* |
| **സാജമ്മ.ജെ.പുന്നൂർ** | **ഫ്രാൻസിസ് .എ.സി** |
| **ചെയർപേഴ്സൺ** | **മെമ്പർ** |

*Endt.on CGRF-NR/OP* **28/2024-25/** *186* **13 /08/2024**

അയയ്ക്കുന്നത്:

| | |
|---|---|
| **1** ശ്രീ. മുഹമ്മദ് ഷാഫി കെ.ടി,<br>ഫിദാസ്, ഉള്ളിശേരികുന്ന്,<br>നല്ലളം – പി.ഒ,<br>കോഴിക്കോട് – **673 027.** | ഫോറത്തിന്റെ **മേൽ** ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് / പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തി**ൽ** അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാ**ൻ**, ഡി.എച്ച് റോഡ്, ഓഫ്ഷോ**ർ** റോഡ് ജംഗ്ഷ**ൻ**, ഗാന്ധി സ്ക്വയറിന് സമീപം എറണാകുളം, കേരള-682016 (ഫോൺ 0484 2346488). |

2. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**
   ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്,
   കല്ലായ്, കോഴിക്കോട്

കോപ്പി സമർപ്പിക്കുന്നത് :

ചീഫ് എഞ്ചിനീയ**ർ** (ഡിസ്ട്രിബ്യൂഷ**ൻ** - നോർത്ത് ), കോഴിക്കോട്. .

കോപ്പി സമർപ്പിക്കുന്നത് :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.
2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയ**ർ**,
   ഇലക്ട്രിക്ക**ൽ** സ**ർ**ക്കി**ൾ**, കോഴിക്കോട്,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.
3. എക്സിക്യൂട്ടീവ് എഞ്ചിനീയ**ർ**,
   ഇലക്ട്രിക്ക**ൽ** ഡിവിഷൻ, ഫറോക്ക്,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.
4. അസിസ്റ്റന്റ് എഞ്ചിനീയ**ർ**
   ഇലക്ട്രിക്ക**ൽ** സെക്ഷൻ, കെ.എസ്.ഇ.ബി
   ലിമിറ്റഡ്, അരീക്കോട് കോഴിക്കോട്.

Forwarded

Sd/-

**Chairperson**